# ലൈഫ് 2020 ആഗസ്റ്റ് 27 വരെ അപേക്ഷ സമർപ്പിക്കാന് അവസരം

ആലപ്പു◌ുഴ: സ്വന്തമായി വീടുവയ്ക്കാൻ ശേഷിയില്ലാത്ത ഭവനരഹിതർക്ക് വീടുവയ്ക്കുന്നതിന് ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെടുന്നതിന് അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള തീയതി ആഗസ്റ്റ് 27 വരെ നീട്ടി. കോവിഡിൻ◌്റെയും മഴക്കെടുതിയുടെയും പശ്ചാത്തലത്തിലാണ് തീയതി നീട്ടിയത്.

ജില്ലയിൽ ഇതുവരെ 180000 അപേക്ഷകൾ സമർപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. മാനദണ്ഡങ്ങൾ പ്രകാരം വീടു ലഭിക്കാൻ അർഹതയുള്ള ഭവന രഹിതർ അഗസ്റ്റ് 27 ന് മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കാത്തവരെ യാതൊരു കാരണവശാലും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതല്ല. life2020.kerala.gov.in എന്ന വെബ്സൈറ്റിലൂടെ നേരിട്ടോ പഞ്ചായത്ത് / മുൻസിപ്പാലിറ്റികളുടെ ഹെൽപ് ഡസ്ക് വഴിയോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ അപേക്ഷ സമർപ്പിക്കാം. അക്ഷയ കേന്ദ്രങ്ങൾ വഴി സമർപ്പിക്കുമ്പോൾ 40 /- രൂപ സർവ്വീസ് ചാർജ് നല്കണം.

# ജില്ലയിലെ സൗജന്യ ഓണക്കിറ്റ് വിതരണം ഇന്നുമുതല്

ആലപ്പു◌ുഴ: ഭക്ഷ്യ വകുപ്പിന്റെ ആഭിമുഖ്യത്തില് ജില്ലയിലെ സൗജന്യ ഓണ കിറ്റ് വിതരണം ഇന്ന് (ഓഗസ്റ്റ് 13) ആരംഭിക്കും. എ.എ.വൈ (മഞ്ഞ) കാർഡുകള്ക്കുള്ളവര്ക്കാണ് അദ്യ ഘട്ടത്തില് വിതരണം നടത്തുക. എ.എ.വൈ വിഭാഗത്തിലുള്ള 40495 കാർഡുടമകളാണ് ഉള്ളത്. റേഷന് കാർഡിന്റെ അവസാനത്തെ അക്കങ്ങളുടെ അടിസ്ഥാനത്തില് കിറ്റുകളുടെ വിതരണം നടക്കും.

റേഷൻ കാർഡിന്റെ അവസാനത്തെ അക്കം പൂജ്യം, ഒന്ന് അവസാനിക്കുന്നവര് ഓഗസ്റ്റ് 13 നും 2,3,4,5 അവസാനിക്കുന്നവര് ഓഗസ്റ്റ് 14 നും ശേഷിക്കുന്ന നാലക്കങ്ങളിൽ അവസാനിക്കുന്ന കാർഡുടമകള് ഓഗസ്റ്റ് 15നുമാണ് കിറ്റ് വാങ്ങേണ്ടത്. എല്ലാ കാർഡ് ഉടമകളും സർക്കാര് നിർദ്ദേശിച്ചിട്ടുള്ള സാമൂഹ്യ അകലം പാലിച്ച് തിരക്ക് ഉണ്ടാക്കാതെ അവരവരുടെ കിറ്റുകള് വാങ്ങേണ്ടതാണ്. ജൂലൈ മാസത്തെ റേഷന് വിഹിതം വാങ്ങിയ കടയില് നിന്ന് അവരവര്ക്ക് അനുവദിച്ചിട്ടുള്ള ദിവസം മാത്രം കിറ്റ് വാങ്ങാനായി റേഷന് കടകളില് എത്തണം. തിരക്ക് ഒഴിവാക്കാന് എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് ജില്ല സപ്ലൈ ഓഫീസര് അറിയിച്ചു. സംസ്ഥാനത്തെ എല്ലാ റേഷൻ◌്കാർഡ് ഉടമകള്ക്കും ഓണ കിറ്റ് ലഭ്യമാകും. കോവിഡ് പശ്ചാത്തലത്തില് തിരക്ക് ഒഴിവാക്കുന്നതിന് ഘട്ടം ഘട്ടമായാണ് വിതരണം.

# തദ്ദേശ ഭരണ തിരഞ്ഞെടുപ്പ്; കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു, ആക്ഷേപങ്ങള് 26 വരെ സ്വീകരിക്കും

ആലപ്പുഴ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2020ൽ നടക്കുന്ന പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർപട്ടിക പുതുക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരട് വോട്ടർ പട്ടിക (ഓഗസ്റ്റ് 12) പ്രസിദ്ധീകരിച്ചു. കരട് വോട്ടർ പട്ടികയിൽമേലുള്ള അപേക്ഷകളും ആക്ഷേപങ്ങളും സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 26. ഹിയറിങ്ങും അപ് ഡേഷനും പൂർത്തിയാക്കേണ്ട തീയതി സെപ്റ്റംബർ 23. അന്തിമ വോട്ടർ പട്ടിക സെപ്റ്റംബർ 26ന് പ്രസിദ്ധീകരിക്കുമെന്ന് അറിയിച്ചു.

# എ.എൻ.എം കോഴ്സിനുള്ള അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ:സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലെ പാലക്കാട് പെരിങ്ങോട്ടുകുറുശ്ശി ഗവമെന്റ് ജൂനീയർ പ്ലബിക്ക് ഹെൽത്ത് നഴ്സിങ് ട്രെയിനിങ് സെന്ററിൽ 2020-22 വർഷത്തെ എ.എൻ.എം കോഴ്സിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നി ജില്ലകളിലെ സ്ഥിര താമസക്കാർ ആയിരിക്കണം. പ്ലസ്ടു/തത്തുല്യ യോഗ്യതയുള്ള പെൺകുട്ടികൾക്ക് അപേക്ഷിക്കാം. അപേക്ഷകർക്ക് മലയാളം എഴുതുവാനും വായിക്കാനും അറിഞ്ഞിരിക്കണം. 2019 ഡിസംബർ 31ന് 17 വയസ് തികഞ്ഞിരിക്കണം. 30 വയസ് കവിയരുത്. ഉയർന്ന പ്രായപരിധിയിൽ ഒ.ബി.സിക്കാർക്ക് മൂന്നും എസ്.സി/എസ്.ടി ക്കാർക്ക് അഞ്ച് വയസ് ഇളവുണ്ട്. അപേക്ഷഫോറവും പ്രോസ്പെക്ടസും എന്ന www.dhs.kerala.gov.in വെബ്സൈറ്റിൽ ലഭിക്കും.

എസ്.സി/എസ്.ടിക്കാർ 75 രൂപയും മറ്റുള്ളവർ 200 രൂപയും 0210-80-800-88 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് ഒറിജനിൽ ചലാൻ സഹിതം പൂരിപ്പിച്ച അപേക്ഷ സെപ്റ്റംബർ അഞ്ചിന് വൈകിട്ട് അഞ്ചിനകം ഗവ.ജൂനിയര് പബ്ലിക് ഹെല്ത്ത് നഴ്സിങ് ട്രയിനിങ് സെന്ററര്, പെരിങ്ങോട്ടുകുറിശ്ശി ഓഫീസിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാം.

--